# പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

## 2003 ഫെബ്രുവരി 19, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

51 (*207) ഹഡ്കോയിൽ നിന്നുള്ള ധനസഹായം

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി ) നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിമൂലം ലിക്വിഡേഷന്റെ വക്കിലായിരുന്നുവെന്ന് സഭയെ അറിയിച്ചു. മൈത്രീ ഭവന നിർമ്മാണ പദ്ധതിപ്രകാരം 3.75 ലക്ഷം വീടുകൾ പണിയുന്നതിനായി 712 കോടി രൂപ 1996 മുതൽ 2001 വരെയുള്ള കാലഘട്ടത്തിൽ ഹഡ്കോയിൽ നിന്ന് ഭവന നിർമ്മാണ ബോർഡ് വായ്പയെടുക്കുകയുണ്ടായി. . എന്നാൽ 2.3 ലക്ഷം വീടുകൾക്ക് ഭാഗികമായി വായ്പ അനുവദിക്കുന്നതിനായി 437 കോടി രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ബാക്കി 275 കോടി രൂപയും പഞ്ചായത്തുകളിൽ നിന്നും ഗുണഭോക്താക്കളുടെ തിരിച്ചടവിനായി സമാഹരിച്ച 217 കോടി രൂപയും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബോർഡ് വകമാറ്റി ചെലവഴിച്ചതുമൂലം ഭവന നിർമ്മാണ ബോർഡ് രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിൽ അകപ്പെട്ടു. തിരിച്ചടവിൽ 59.51 കോടി രൂപ

ഏപ്രിൽ മുതൽ നിർത്തിവയ്ക്കുകയാണുണ്ടായത്.. കൂടാതെ, 1996 മുതൽ 2001 വരെ 1062 കോടി രൂപ വായ്പാ പരിധി (exposure limit) കവിയുകയും യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വായ്പയെടുക്കുവാൻ കഴിയാത്ത സാഹചര്യമുണ്ടാവുകയും ചെയ്തു. ഇത് പരിഹരിക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്തെ കുടിശ്ശിക ഉൾപ്പെടെ 156.15 കോടി രൂപ ഈ സർക്കാർ ഹഡ്കോയ്ക്ക് തിരിച്ചടയ്ക്കുകയുണ്ടായി. അതിൻപ്രകാരം വായ്പാ ബാദ്ധ്യത 10 വർഷത്തേക്ക് റീഷെഡ്യൂൾ ചെയ്യുകയും തിരിച്ചടവിന് ഹഡ്കോ ഒന്നര വർഷത്തെ മോറട്ടോറിയം നൽകുകയും ചെയ്തു. 2002 സെപ്റ്റംബർ 14-ാം തീയതി ഹഡ്കോയുമായി ഒപ്പുവച്ച. ധാരണാപത്രം അനുസരിച്ച് 2002 സെപ്റ്റംബറിലെയും ഡിസംബറിലെയും ത്രൈമാസ തിരിച്ചടവ് കൃത്യമായി ഭവന നിർമ്മാണ ബോർഡ് അടയ്ക്കുകയും തുടർന്ന് വായ്പ ലഭ്യമാക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്തിട്ടുണ്ട്. ഭവന നിർമ്മാണ ബോർഡിനുള്ള ഹഡ്കോയുടെ വായ്പാ പരിധി കവിഞ്ഞതിനാൽ തുടർന്ന് ഹഡ്കോയിൽ നിന്ന് വായ്പ ലഭിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനായി ഉയർന്ന പലിശ നിരക്കിൽ എടുത്തിട്ടുള്ള LIG, MIG, HIG ലോണുകൾ ഹഡ്കോനിവാസിലേക്ക് മാറ്റിക്കൊണ്ട് ബോർഡിന്റെ എക്സ്പോഷർ ലിമിറ്റ് കുറച്ചുകൊണ്ടുവരുന്നതിനും നടപടികൾ എടുത്തുവരുന്നു. മേൽപ്പറഞ്ഞ നടപടികൾമൂലം ഹഡ്കോയിൽനിന്നും തുടർന്നും വായ്പ ലഭിക്കുന്നതിനുള്ള എല്ലാ നടപടികളും പൂർത്തിയായിരിക്കുകയാണ്. ഇതേത്തുടർന്ന് ധനസഹായം പുനഃസ്ഥാപിക്കുന്നതിന് ഹഡ്കോ സമ്മതിച്ചിട്ടുണ്ട്. നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഭവന നിർമ്മാണ പദ്ധതികൾക്കും പുതിയ ഭവന നിർമ്മാണ പദ്ധതികൾക്കും ഹഡ്കോ വായ്പ ലഭ്യമാക്കുന്നതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഹഡ്കോയിൽ നിന്ന് വായ്പ ലഭിക്കാതെ തന്നെ വിവിധ വായ്പാ പദ്ധതികൾക്കായി നൽകിയ 45.38 കോടി രൂപ ഉപയോഗിച്ച് 22,028 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും 29,079 വീടുകൾക്ക് വിവിധ വായ്പാ ഗഡുക്കൾ നൽകുകയുമുണ്ടായി. കുടിശ്ശികയായിട്ടുള്ള 31160 വീടുകളുടെ ഗഡുക്കൾ ഇപ്പോൾ കൊടുത്തു കൊണ്ടിരിക്കുകയാണ്. 20,000 രൂപയ്ക്ക് ഭൂമി വാങ്ങുകയും 40,000 രൂപയ്ക്ക്

വീടു നിർമ്മിക്കുകയും ചെയ്യത്തക്ക വിധത്തിൽ 60,000 രൂപയായി ലോൺ തുക ഉയർത്തുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്. തുക കൂടുതലാണെന്നുള്ള കാരണത്താൽ ആളുകൾ ഏറ്റെടുക്കാതിരിക്കുന്ന പണി പൂർത്തിയായ വീടുകൾ എത്രയും വേഗം ഡിസ്പോസ് ചെയ്യുന്നകാര്യം ഗവൺമെന്റ് ആലോചിച്ചു കൊണ്ടിരിക്കുകയാണ്. വണ്ണപ്രം പഞ്ചായത്തിൽ വീടുകളുടെ വിതരണത്തിൽ നടന്ന കൃത്രിമങ്ങളെക്കുറിച്ച് വിജിലൻസ് എൻക്വയറി നടക്കുകയാണ്. നിർമ്മാണം പൂർത്തിയായ റവന്യൂ ടവറുകളിലേക്ക് ആഫീസുകൾ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ഹഡ്കോയുമായുള്ള ഏർപ്പാടുകൾ പൂർത്തിയാകുന്നതോടുകൂടി റവന്യൂ ടവറുകളുടെ മുടങ്ങിക്കിടക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതും പുതിയവ ആരംഭിക്കുന്നതാണെന്നും ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു.

52 (*208) <u>യു.ജി.സി. യുടെ ധനസഹായം ലഭിക്കുന്ന സർവകലാശാലകൾ</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് കേരള/മഹാത്മാഗാന്ധി/കോഴിക്കോട്/കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലകൾക്ക് യു.ജി.സി. യുടെ ധനസഹായം ലഭിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയ്ക്കും കണ്ണൂർ സർവകലാശാലയ്ക്കും യു.ജി.സി. ആക്ട് 12(ബി) പ്രകാരമുള്ള അംഗീകാരം ലഭിക്കാത്തതുകൊണ്ട് യു.ജി.സി. യുടെ ധനസഹായം ലഭിക്കുന്നില്ല. അംഗീകാരം ലഭിക്കുന്നതിനായി കണ്ണൂർ സർവകലാശാല ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്. സ്വന്തം കെട്ടിടത്തിൽ സർവകലാശാല പ്രവർത്തനം തുടങ്ങി. കണ്ണൂർ സർവകലാശാലയിലും കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിവരങ്ങൾ യു.ജി.സി.യെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. അംഗീകാരത്തിനായി യു.ജി.സി.യുമായി ബന്ധപ്പെട്ടുവരുന്നു. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിന് 'NAAC' ന്റെ അംഗീകാരം കിട്ടുന്നതിനുവേണ്ടി ആവശ്യമായ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. ഉന്നത

വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ 3 കോളേജുകൾക്കും വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ 43 സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും 'NAAC' ന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. 'NAAC' ന്റെ അംഗീകാരം ആവശ്യപ്പെട്ട യൂണിവേഴ്സിറ്റികൾ മാർച്ച്–19–ാം തീയതി അവരുടെ ടീം വന്ന് പരിശോധിക്കുന്നതാണ്. ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുക എന്ന ലക്ഷ്യം മുൻനിർത്തി യു.ജി.സി. താഴെ പറയുന്ന പരിഷ്കാരങ്ങൾ നടപ്പിലാക്കുവാൻ നിർദ്ദേശിച്ചു:

അദ്ധ്യാപക നിയമനത്തിനുള്ള ഏറ്റവും കുറഞ്ഞ യോഗ്യത ബന്ധപ്പെട്ട വിഷയങ്ങളിൽ 55% മാർക്കിൽ കുറയാതെയുള്ള ബിരുദാനന്തര ബിരുദവും യു.ജി.സി. അംഗീകരിച്ചിട്ടുള്ള നാഷണൽ ലെവൽ യോഗ്യത പരീക്ഷാ യോഗ്യതയുമായിരിക്കും. കൂടാതെ എം..ഫിൽ, പി.എച്ച്.ഡി. തുടങ്ങിയ ഉന്നത ഗവേഷണ ബിരുദങ്ങളും അഭിലഷണീയമായി കണക്കാക്കിയിട്ടുണ്ട്. അത്തരം യോഗ്യതകളുള്ളവരെ അഡ്വാൻസ് ഇൻക്രിമെന്റുകൾ നൽകി പ്രോത്സാഹിപ്പിക്കുന്നു.

സമര ദിവസങ്ങൾ, പ്രാദേശിക അവധികൾ എന്നിവ ഒഴിച്ച് 180 സാധ്യായ ദിവസങ്ങൾ ഒരു വർഷത്തിൽ വിദ്യാർത്ഥികൾക്ക് ലഭിച്ചിരിക്കണം. നഷ്ടപ്പെട്ട സാധ്യായ ദിവസങ്ങൾ അധിക ക്ലാസുകൾവച്ച് പരിഹരിക്കേണ്ടതാണ്. 5 പ്രവൃത്തി ദിവസങ്ങളുള്ള ഒരാഴ്ചയിൽ ഒരു വിദ്യാർത്ഥിക്ക് 25 മണിക്കൂർ നേരിട്ടുള്ള അദ്ധ്യയനവും പുറമേ, ടെസ്റ്റ് പേപ്പറുകൾ, സംശയനിവാരണം, സ്വന്തമായ ഗവേഷണപഠനങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ, ബന്ധപ്പെട്ട വിഷയത്തിൽ പാഠ്യപദ്ധതിക്ക് പുറമേയുള്ള അറിവ് നേടാനുള്ള അവസരങ്ങൾ എന്നിവ ലഭിച്ചിരിക്കണം.

മേൽപ്പറഞ്ഞ സൗകര്യങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനു വേണ്ടി അദ്ധ്യാപകർ ആഴ്ചയിൽ 40 മണിക്കൂർ ജോലിഭാരം ഏറ്റെടുക്കേണ്ടതുണ്ട്. ഇതിൽ 10 മണിക്കൂർ സ്വയം തയ്യാറെടുക്കുന്നതിനും 16 മണിക്കൂർ ക്ലാസുകൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടിയുള്ളതുമാണ്. ബാക്കി 14 മണിക്കൂർ ടെസ്റ്റ് പേപ്പറുകൾ, സംശയനിവാരണം, പഠന കാര്യങ്ങളിൽ സഹായിക്കൽ, ഡിപ്പാർട്ടുമെന്റിന്റെ ഭരണപരമായ കാര്യങ്ങൾ കൂട്ടായി ചെയ്യുക എന്നീ കാര്യങ്ങൾക്കായിട്ടുള്ളതാണ്.

ഇവ നടപ്പിലാക്കുന്നതിന് എല്ലാ കോളേജ് പ്രിൻസിപ്പൽമാർക്കും മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും കാലാകാലങ്ങളിൽ നിർദ്ദേശം നൽകാറുണ്ട്. കൂടാതെ യു.ജി.സി. നിബന്ധനകൾ ഉൾപ്പെടുത്തിക്കൊണ്ട് യൂണിവേഴ്സിറ്റി നിയമങ്ങൾ പരിഷ്കരിക്കുവാൻ സംസ്ഥാനത്തെ എല്ലാ യൂണിവേഴ്സിറ്റികളോടും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ജോലിഭാരം, വിദ്യാഭ്യാസ യോഗ്യതകൾ തുടങ്ങിയ കാര്യങ്ങളിൽ, യൂണിവേഴ്സിറ്റി നിയമങ്ങൾ പരിഷ്കരിക്കാത്തതും മാനദണ്ഡങ്ങൾ മറികടന്നുകൊണ്ട് യു.ജി.സി. നിയമങ്ങളെ യഥേഷ്ടം വ്യാഖ്യനിച്ചുകൊണ്ടും യൂണിവേഴ്സിറ്റികൾ ഉത്തരവുകൾ ഇറക്കുന്നതും യു.ജി.സി. വ്യവസ്ഥകൾ കൃത്യമായി നടപ്പിലാക്കുന്നതിന് തടസ്സമായി നിൽക്കാറുണ്ട്. അദ്ധ്യാപകരുടെ ജോലിഭാരവും പ്രവൃത്തി ദിവസങ്ങളും പരിശോധി ക്കുവാനും കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ആരംഭിക്കുവാൻ ഉദ്ദേശിച്ചിരുന്ന വിജിലൻസ് ആന്റ് മോണിറ്ററിംഗ് സെല്ലിലേക്ക് റിപ്പോർട്ട് ചെയ്യുവാൻ ഡെപ്യൂട്ടി ഡയറക്ടർമാരെ അധികാരപ്പെടുത്തിയിരുന്നു. ഈ വ്യവസ്ഥകൾ ഫലപ്രദമാക്കുന്നതിനു വേണ്ടി നിലവിലുള്ള 5 മേഖലാ ആഫീസുകൾക്കു പകരം ഇടുക്കി, വയനാട് എന്നിവ ഒഴിച്ചുള്ള എല്ലാ ജില്ലകളിലും ജില്ലാ ആഫീസുകൾ തുറക്കുവാനും ഡയറക്ടറേറ്റിൽ

അനുമതി നൽകിയിരുന്നു. ഈ ഉത്തരവ് നടപ്പിലാക്കാത്തതും യൂണിവേഴ്സിറ്റി നിയമങ്ങൾ പരിഷ്കരിക്കാത്തതും കാരണം യു.ജി.സി. വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല.

വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനായി ഒരു യൂണിഫൈഡ് ആക്ട് കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി ഇൻഡ്യയിലെ പ്രഗൽഭ യൂണിവേഴ്സിറ്റികളും വിദേശ രാജ്യങ്ങളിലെ യൂണിവേഴ്സിറ്റികളും സംയുക്തമായി എക്സിബിഷൻ നടത്തിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലും ഇത്തരം ഒരു സെമിനാർ 2003 ഏപ്രിൽ–മേയ് മാസങ്ങളിൽ നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുകയാണ്. പഠന നിലവാരം ഉയർത്തുന്നതിന് സാമ്പത്തികമായി സഹായിക്കാൻ ഗവൺമെന്റ് തയ്യാറാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

53(*209) <u>വി.എച്ച്.എസ്.എസ്.–ലെ കോഴ്സുകൾ</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതുവരെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ 45 കോഴ്സുകളാണ് നടത്തിയിരുന്നതെന്നും എന്നാൽ വിദ്യാർത്ഥികളുടെ എണ്ണം തികയാത്തതിനാൽ കമ്പ്യൂട്ടർ പ്രോഗ്രാമിംഗ്, ഓഫ്താൽമിക് ടെക്നീഷൻ എന്നീ കോഴ്സുകൾ പ്രവർത്തിക്കുന്നില്ലെന്നും അറിയിച്ചു.

54 (*213, *220, *231) <u>പാഠപുസ്തകങ്ങളുടെ പരിഷ്ക്കരണവും അച്ചടിയും</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, 2003–2004 അദ്ധ്യയന വർഷത്തിൽ 1, 2, 3, 9 എന്നീ ക്ലാസ്സുകളിലെ പാഠ പുസ്തകങ്ങളാണ് പരിഷ്ക്കരിക്കാനുദ്ദേശിക്കുന്നതെന്നും ഇതിന്റെ അച്ചടിക്കുവേണ്ടി ഏകദേശം 3.5 കോടിയോളം രൂപ ചെലവു പ്രതീക്ഷിക്കുന്നുണ്ടെന്നും അറിയിച്ചു. കാലാനുസൃതമായ മാറ്റങ്ങളും സർക്കാർ നിയോഗിക്കുന്ന കമ്മിഷനുകളുടെ അഭിപ്രായങ്ങളും

കെ.ബി.പി.എസ്., കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ എന്നീ സ്ഥാപനങ്ങളിലുമാണ് പാഠപുസ്തകങ്ങൾ പ്രധാനമായും അച്ചടിക്കുന്നത്. സമയബന്ധിതമായി അച്ചടി പൂർത്തിയാക്കുന്നതിന് ഈ പ്രസ്സുകളുടെ അച്ചടിശേഷി കഴിച്ചുള്ളവയ്ക്ക് ടെണ്ടറുകൾ ക്ഷണിച്ച് 14 സ്വകാര്യ പ്രസ്സുകൾക്ക് അച്ചടി ജോലി നൽകിയിട്ടുണ്ട്.

55(*223) <u>സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനം</u>

വിദ്യാഭ്യാസ വകുപ്പു മന്ത്രി നൽകിയ ഉത്തരത്തിൽ, സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനത്തിൽ 50 ശതമാനം എൻട്രൻസ് കമ്മിഷണർ തയ്യാറാക്കുന്ന മെരിറ്റ് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം എന്ന നയം നടപ്പിലാക്കുന്നതിന് 4–12–2002–ൽ ജി.ഒ.(പി)170/2002/ഉ.വി.വ. നമ്പറായി റെഗുലേഷൻസ് പുറപ്പെടുവിച്ചിട്ടുണ്ടെന്നറിയിച്ചു.

56 (*224) <u>മണൽവാരൽ നിരോധനനിയമം</u>

റവന്യൂവും നിയമവും വകുപ്പു മന്ത്രി നൽകിയ ഉത്തരത്തിൽ, കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമപ്രകാരം എല്ലാ ജില്ലകളിലും കൂടി രൂപീകരിക്കേണ്ട 1051 കടവുകളിൽ 937 എണ്ണം രൂപീകരിച്ചിട്ടുണ്ടെന്നും ബാക്കിയുള്ളവയുടെ രൂപീകരണം നടന്നുവരുന്നുണ്ടെന്നും അറിയിച്ചു.

57 (*227, *232) <u>എക്സ്പ്രസ് ഹൈവേയുടെ നിർമ്മാണം</u>

മരാമത്തു വകുപ്പു മന്ത്രി നൽകിയ ഉത്തരത്തിൽ, തിരുവനന്തപുരം കാസർഗോഡ് എക്സ്പ്രസ് വേയുടെ സാദ്ധ്യതാ പഠനത്തിന്റെ കരടുറിപ്പോർട്ട് തയ്യാറായിട്ടുണ്ടെന്നും ഇതനുസരിച്ച് 5540 ഹെക്ടർ സ്ഥലം പൊന്നും വിലയ്ക്കെടുക്കുകയം 9,400–ൽപ്പരം കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുകയും ചെയ്യേണ്ടതാണെന്നുമറിയിച്ചു. എക്സ്പ്രസ് വേയ്ക്കുവേണ്ടി പുഞ്ചുലോയ്ഡ് ലിമിറ്റഡ്(ഡൽഹി), എസ്സാർ കൺസ്ട്രക്ഷൻസ് ലിമിറ്റഡ്

കൺസോളിഡേറ്റഡ് നെറ്റ് വർക്ക് ഇൻഡ്യാ ലിമിറ്റഡ് (മുംബായ്), ഡോളോമൈറ്റ് ബർഹാഡ്, കോലാലമ്പൂർ (മലേഷ്യ), ആറാ കോർപ്പറേഷൻ കോലാലമ്പൂർ (മലേഷ്യ), ഭഗീരഥാ എഞ്ചിനീയറിംഗ് ലിമിറ്റഡ്, ടെക്നിഭാരതി ലിമിറ്റഡ് (കൊച്ചി) എന്നീ കമ്പനികൾ താൽപര്യം പ്രകടിപ്പിക്കുകയുണ്ടായി.

58 (*230) വിദേശ മലയാളി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം

വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, വിദേശത്തു പഠിക്കുന്ന മലയാളി വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തും അതേ പഠനം തുടരാൻ തക്കവിധത്തിലുള്ള സ്ഥാപനങ്ങൾ ആരംഭിക്കാൻ ജയിൻസ് ഗ്രൂപ്പ് ഇൻസ്റ്റിറ്റ്യൂഷൻസ് (ബാംഗ്ലൂർ), രാമചന്ദ്രാനി എഡ്യൂക്കേഷൻ കൺസൾട്ടന്റ്സ് (ഡെറാഡൂൺ), രത്നവേൽ സുബ്രഹ്മണ്യൻ എഡ്യൂക്കേഷൻ ട്രസ്റ്റ് (കോയമ്പത്തൂർ), ഹൈറീച്ച് ഇൻഫോടെക് (ചെന്നൈ), ഡോ.കെ.പി. ഗോപാലകൃഷ്ണ ഇൻർനാഷണൽ സ്ക്കൂൾ (ബാംഗ്ലൂർ) എന്നീ സ്ഥാപനങ്ങൾ മുന്നോട്ടു വന്നിട്ടുണ്ടെ
ന്നറിയിച്ചു.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

61 (1132) ജോലിക്ക് പകരം ഭക്ഷണം പദ്ധതി

ജോലിക്കു കൂലി ഭക്ഷണം പദ്ധതിയനുസരിച്ച് ഒരാൾക്ക് ഒരു ദിവസം നിലവിലുള്ള കൂലിയുടെ 25 ശതമാനം പണമായും 75 ശതമാനം (10 കിലോ) അരി യായും നൽകുന്നു.

62 (1145) റവന്യൂ കുടിശ്ശികയുമായി ബന്ധപ്പെട്ട കേസ്സുകൾ

റവന്യൂ കുടിശ്ശികയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ലാന്റ് റവന്യൂ ഇനത്തിലും റവന്യൂ റിക്കവറി സർക്കാർ കുടിശ്ശിക ഇനത്തിലുമായി 15668 കേസ്സുകൾ കോടതികളിൽ നിലവിലുണ്ട്.

63 (1152, 1154) മിച്ചഭൂമി വിതരണം

കാർഷിക ഭൂപരിഷ്ക്കരണ നിയമം നടപ്പിലായതിനുശേഷം സംസ്ഥാനത്ത് കണ്ടെത്തിയ 66469.2291 ഹെക്ടർ മിച്ചഭൂമിയിൽ 69913 ഏക്കർ 160234 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തിട്ടുണ്ട്.

64 (1179) <u>തലസ്ഥാന വികസനം</u>

തലസ്ഥാന വികസപദ്ധതിയിൻ കീഴിൽ ആർ.ആർ. ലാമ്പ് ജംഗ്ഷൻ(കവടിയാർ), ആർ.ആർ.ലാമ്പ് ജംഗ്ഷൻ (അട്ടക്കുളങ്ങര), മ്യൂസിയം–നന്ദാവനം–ബേക്കറി–പനവിള–അരിസ്റ്റോ–തമ്പാനൂർ, ബേക്കറി–പാളയം–പാറ്റൂർ–പേട്ട–ചാക്ക എയർപോർട്ട്, പാറ്റൂർ–വഞ്ചിയൂർ–ഉപ്പിടാംമൂട്–പഴവങ്ങാടി–പവ്വർഹൗസ്, നാലുമുക്ക്–ശ്രീകണ്ഠേശ്വരം, മേലേ പഴവങ്ങാടി– പവ്വർഹൗസ്–ചൂരക്കാട്ട്–പാളയം, വാൻറോസ് ജംഗ്ഷൻ–ഊറ്റുകുഴി–പ്രസ്ക്ലബ്, പട്ടം–മരപ്പാലം–കുറവൻകോണം–കവടിയാർ, പട്ടം–പൊട്ടക്കുഴി–മുറിഞ്ഞപാലം–മെഡിക്കൽകോളേജ്–ഉള്ളൂർ, കവടിയാർ–അമ്പലമുക്ക്–പേരൂർക്കട എന്നീ റോഡുകളുടെ വികസനമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

65 (1181) <u>മരാമത്തു പണികളുടെ ഗുണനിലവാര പരിശോധന</u>

മരാമത്തു പണിയുടെ ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥൻമാരും മേലുദ്യോഗസ്ഥൻമാരും നടന്നുകൊണ്ടിരിക്കുന്ന പണികളുടെ ഗുണനിലവാരം സമയാസമയങ്ങളിൽ പരിശോധന നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഇതിനുപുറമേ വർക്ക്സ്റ്റഡി ടീം പ്രധാനപ്പെട്ട പണികൾ നടക്കുന്ന സ്ഥലങ്ങളിൽ മുന്നറിയിപ്പു നൽകാതെ പരിശോധിച്ച് റിപ്പോർട്ടുകൾ നൽകുന്നതു കൂടാതെ ഫൈനാൻസ് ഇൻസ്പെക്ഷൻ വിഭാഗവും പരിശോധനകൾ നടത്താറുണ്ട്.

66 (1191) <u>ഹൈവേ വികസന ഫണ്ട്</u>

കഴിഞ്ഞ സാമ്പത്തികവർഷം ദേശീയ പാതാ വിഭാഗത്തിന് ഹൈവേ വികസന ഫണ്ടിൽനിന്നും ലഭിച്ച 4.05 കോടി രൂപയും വിനിയോഗിച്ചിട്ടുണ്ട്.

67 (1193) <u>സ്റ്റേറ്റ് ഹൈവേകൾ</u>

സംസ്ഥാനത്ത് 59 സ്റ്റേറ്റ് ഹൈവേകളുണ്ട്.

69 (1291) <u>വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളുകൾ</u>

സംസ്ഥാനത്ത് 375 ( സർക്കാർ മേഖല–247, എയിഡഡ് മേഖല–128) വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളുകളുണ്ട്.

70 (1294) <u>ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൻെറ പുതിയ സെന്ററുകൾ</u>

2002–2003 അദ്ധ്യയന വർഷം കൊല്ലത്തും ചേർത്തലയിലും ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

71 (1325) <u>പോളിടെക്നിക്കുകൾ</u>

സംസ്ഥാനത്ത് 56 (35 സർക്കാർ പോളിടെക്നിക്കുകൾ, 7 സർക്കാർ വനിതാ പോളിടെക്നിക്കുകൾ, 6 സ്വകാര്യ എയിഡഡ് പോളിടെക്നിക്കുകൾ, ഒരു സ്വാശ്രയ സ്വകാര്യ പോളിടെക്നിക്, 7 ഐ.എച്ച്.ആർ.ഡി.യുടെ നിയന്ത്രണത്തിലുള്ള പോളിടെക്നിക്കുകൾ) പോളിടെക്നിക്കുകളുണ്ട്.

72 (1345) <u>സർക്കാർ നൽകിയ പരസ്യങ്ങൾ</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (2002 ജൂലായ് മുതൽ2003 ജനുവരി 31 വരെ) 76,24,529 രൂപയുടെ പ്രചാരണ പരസ്യം പ്രസിദ്ധീകരണത്തിന് നൽകിയിട്ടുണ്ട്.

. . . . . . . . . .